**പതിനഞ്ചാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

# ബുള്ളറ്റിൻ—ഭാഗം I

**(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)**

**2021 ആഗസ്റ്റ് 2, തിങ്കളാഴ്ച**

**നമ്പർ 20**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

**ചോദ്യങ്ങൾ :**

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

(പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ നോട്ടീസ് നൽകിയിരുന്നതും ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നതുമായ ചോദ്യ നമ്പർ 212 ഉന്നയിക്കപ്പെട്ടില്ല.)

**അനുമോദനം :**

ടോക്കിയോ ഒളിമ്പിക്സിൽ ബാഡ്മിന്റണിൽ വെങ്കല മെഡൽ നേടിയ പി. വി. സിന്ധുവിനെ അനുമോദിച്ചുകൊണ്ട് സ്പീക്കർ പരാമർശം നടത്തി.

**അടിയന്തരപ്രമേയം :**

2021 ആഗസ്റ്റ് 4-ന് അവസാനിക്കുന്ന ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ് റാങ്ക് ലിസ്റ്റിന്റെ കാലാവധി രണ്ട് മാസത്തേക്കുകൂടി നീട്ടി നൽകിയ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധി മറ്റു റാങ്ക് ലിസ്റ്റുകൾക്കുകൂടി ബാധകമാക്കുന്നതിന് സർക്കാർ അനുകൂല നടപടി എടുക്കാത്തതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതര സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ഷാഫി പറമ്പിലും മറ്റ് നാല് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

KNPP.1197/2021(i).

<u>ശ്രദ്ധ ക്ഷണിക്കൽ :</u>

(1) ലേബർ കോഡുകൾ ഭേദഗതി ചെയ്ത് തൊഴിലാളികളുടെ അവകാശങ്ങൾ ഹനിച്ചത് തിരുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. പി. നന്ദകുമാർ പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(കാര്യവിവരപ്പട്ടികയിലെ രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല)

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:</u>

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. വി. ഡി. സതീശൻ | ആശ്വാസകിരണം പദ്ധതിയിൽ അംഗമായവർക്കുള്ള ആനുകൂല്യം | ഉന്നത വിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 2 | ശ്രീ. സി. ആർ. മഹേഷ് | പാരിപ്പള്ളിയിൽ വഴിയോരത്ത് മത്സ്യക്കച്ചവടം നടത്തിയ സ്ത്രീയുടെ കയ്യിൽനിന്നും മത്സ്യം തട്ടിപ്പറിച്ച് നശിപ്പിച്ച സംഭവം | മുഖ്യമന്ത്രി |
| 3 | ശ്രീ. കെ. പ്രേംകുമാർ | ഒറ്റപ്പാലം-കാക്കത്തോട് ബൈപ്പാസ് റോഡ് | പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 4 | ശ്രീ. മുഹമ്മദ് മുഹസിൻ | പട്ടാമ്പിയിൽ എക്സൈസ് സർക്കിൾ ഓഫീസ് ആരംഭിക്കുന്നതിന് നടപടി | തദ്ദേശസ്വയം ഭരണവും ഗ്രാമ വികസനവും എക്സൈസും വകുപ്പുമന്ത്രി |
| 5 | ഡോ. എൻ. ജയരാജ് | കാഞ്ഞിരപ്പള്ളിയിൽ റവന്യൂ പുറമ്പോക്ക് ഭൂമിയിൽ റവന്യൂ കോംപ്ലക്സ് നിർമ്മാണം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | ശ്രീമതി കാനത്തിൽ ജമീല | വെങ്ങളം-അഴിയൂർ ദേശീയപാത വികസനത്തിലുൾപ്പെടുന്ന പ്രദേശങ്ങളിലെ പുനരധിവാസ-പുനഃസ്ഥാപന ധനസഹായം | റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. വി. സുമേഷ് | അഴീക്കൽ പോർട്ടിന്റെ പ്രവർത്തനം | തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി |
| 8 | ശ്രീമതി ദെലീമ | പീലിംഗ് ഷെഡ് തൊഴിലാളികളുടെ പ്രശ്നങ്ങൾ | മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി |
| 9 | ശ്രീ. പി. ജെ. ജോസഫ് | തൊടുപുഴ ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സൗകര്യം വർദ്ധിപ്പിക്കുന്നതിന് നടപടി | ആരോഗ്യവും വനിത-ശിശുവികസനവും വകുപ്പുമന്ത്രി |
| 10 | ശ്രീ. എൻ. എ. നെല്ലിക്കുന്ന് | കാസർഗോഡ് ജില്ലയിലെ സർക്കാർ ലാബുകളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി | ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പുമന്ത്രി |

അതാതു വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

<u>സ്പീക്കറുടെ റൂളിംഗ്:</u>

i) കിഫ്ബിയുമായി ബന്ധപ്പെട്ട ധനവിനിയോഗം സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കപ്പെടാൻ അവസരം ലഭ്യമാക്കാത്തതിനെതിരെ ചട്ടം 303 പ്രകാരം ശ്രീ. എ. പി. അനിൽ കുമാർ ഉന്നയിച്ച ക്രമപ്രശ്നത്തിൽ സ്പീക്കർ താഴെപ്പറയുന്ന റൂളിംഗ് നൽകി.

" സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ ബഡ്ജറ്റിന്മേലുള്ള സൂക്ഷ്മപരിശോധനാ പരിധിയിൽ കിഫ്ബിയുമായി ബന്ധപ്പെട്ട ചെലവുകൾ ഉൾപ്പെടുന്നില്ലെന്നും, കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ സഭയിൽ സമർപ്പിച്ച ഓഡിറ്റ് റിപ്പോർട്ടിലെ കിഫ്ബിയുടെ ധനവിനിയോഗവുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ നിയമസഭ റദ്ദ് ചെയ്തതിനാൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിക്ക് അത്

പരിശോധിക്കാൻ അവസരം ലഭിക്കുന്നില്ലെന്നും, കിഫ്ബിയുടെ ഓഡിറ്റ് റിപ്പോർട്ടുകൾ സഭാ സമിതികൾക്ക് പരിശോധിക്കുവാൻ ക്രമീകരണം ഏർപ്പെടുത്തണമെന്ന് 2019 ജൂലൈ 4-ാം തീയതി ചെയറിൽനിന്നും റൂളിംഗ് ഉണ്ടായിട്ടുണ്ടെന്നും നാളിതുവരെ ഇക്കാര്യത്തിൽ പരിഹാരം ഉണ്ടായിട്ടില്ലെന്നുമാണ് ശ്രീ. എ.പി. അനിൽ കുമാർ ഒരു ക്രമപ്രശ്നമായി ഇവിടെ ഉന്നയിച്ചത്.

കിഫ്ബിയുമായി ബന്ധപ്പെട്ട ബഡ്ജറ്റ് വിഹിതത്തിന്മേലുള്ള സബ്ജക്ട് കമ്മിറ്റിയുടെ സൂക്ഷ്മപരിശോധന സംബന്ധിച്ചും കിഫ്ബിയുടെ ഓഡിറ്റ് സംവിധാനങ്ങളെ സംബന്ധിച്ചുമുള്ള കാര്യങ്ങൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി.

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിലെ കിഫ്ബിയുടെ ധനവിനിയോഗവുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ നിയമസഭ റദ്ദു ചെയ്തു എന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ ആക്ഷേപം വസ്തുതാപരമല്ല. അന്നേ ദിവസം സഭയിൽ നടന്ന വിശദമായ ചർച്ചയുടെ അടിസ്ഥാനത്തിൽ സി. & എ. ജി. റിപ്പോർട്ടിലെ നടപടിക്രമം പാലിക്കാതെ ഉൾപ്പെടുത്തിയ ഓഡിറ്റ് പരാമർശങ്ങൾ ഒരു പ്രമേയത്തിലൂടെ സഭ നിരാകരിക്കുകയാണ് യഥാർത്ഥത്തിൽ അന്ന് സംഭവിച്ചത്. അത് മറ്റൊരു വിധത്തിൽ വ്യാഖ്യാനിക്കുന്നത് ശരിയല്ല. ഒരു പ്രത്യേക സന്ദർഭം ഒഴിവാക്കിയാൽ പൊതുവിൽ കിഫ്ബിയുമായി ബന്ധപ്പെട്ട സി. & എ.ജി.യുടെ എല്ലാ ഓഡിറ്റ് പരാമർശങ്ങളും പരിശോധിക്കുവാനും തുടർ നടപടികൾ സ്വീകരിക്കുവാനും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിക്കുള്ള അധികാരങ്ങളെ യാതൊരു വിധത്തിലും ദുർബ്ബലപ്പെടുത്തിയിട്ടില്ലെന്നതാണ് വസ്തുത.

അതുപോലെ കിഫ്ബിയുമായി ബന്ധപ്പെട്ട കണക്കിനങ്ങൾ ഉൾപ്പെടുന്ന "പലവക സാമ്പത്തിക സർവ്വീസുകൾ" എന്ന 28-ാം നമ്പർ ധനാഭ്യർത്ഥന പൊതുവായി സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിൽ വരുന്നതാണെങ്കിൽപ്പോലും അതിനു കീഴിൽ വരുന്ന " 5475 -മറ്റ് പൊതു സാമ്പത്തിക സർവ്വീസുകൾ സംബന്ധിച്ച മൂലധന ചെലവ്" എന്ന മേജർ ഹെഡ് പ്രത്യേകമായി സബ്ജക്ട് കമ്മിറ്റി VIII-ന്റെ സൂക്ഷ്മപരിശോധനാ ഷെഡ്യൂളിൽ ഇത്തവണയും ഉൾപ്പെടുത്തിയിട്ടില്ല എന്നിരുന്നാലും പ്രസ്തുത മേജർ ഹെഡ്ഡിന്റെ പരിധിയിൽ വരുന്ന ചെലവിനങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ സർക്കാരിൽനിന്നും നേരിട്ട് ആവശ്യപ്പെടുന്നതിനും പരിശോധിക്കുന്നതിനും VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിക്ക് എല്ലാ അധികാരവും നിലനിൽക്കുന്നുണ്ട്. ഭാവിയിൽ അത്തരം സാധ്യതകൾ സമിതി പ്രയോജനപ്പെടുത്തുമെന്ന് ചെയർ കരുതുന്നു.